LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇല്ല. കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളി കൈപ്പാട് പ്രദേശത്ത് കാട്ടാമ്പള്ളി നെൽകൃഷി വികസന ഏജൻസിയുടെ കീഴിൽ കൃഷി വകുപ്പ് നൽകുന്ന സാമ്പത്തിക സഹായത്താൽ നെൽകൃഷി നടത്തിവരുന്നുണ്ട്.

സുരക്ഷിത-2030

163 (2999) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സുരക്ഷിത-2030 ' എന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്;

(സി) പാലക്കാട് ജില്ലയിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പരിപാടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്, വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) 'സുരക്ഷിത -2030' എന്ന പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കുന്നില്ല.

മണ്ണ് സംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കാൻ അനുമതി നൽകിയ പ്രവൃത്തി

164 (3000) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മണ്ണ് സംരക്ഷണ വകുപ്പുവഴി നടപ്പിലാക്കാൻ അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്, അവയുടെ നിലവിലെ സ്ഥിതിയും അതിന് വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങളും നൽകുമോ?